**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5499** **15-03-2023 - ൽ മറുപടിയ്ക്ക്**

**അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ഹ്രസ്വദൂര, ദീർഘദൂര സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഹ്രസ്വദൂര, ദീർഘദൂര സർവീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഹ്രസ്വദൂര, ദീർഘദൂര സർവീസുകൾ പുതുതായി ആരംഭിച്ചിട്ടില്ല.<br><br>എന്നാൽ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള പ്രധാന പാതയിൽ കൃത്യമായ സമയക്രമം പാലിച്ച് ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ ക്രമീകരിച്ചതിലൂടെ അങ്കമാലി ഡിപ്പോയിൽ നിന്നും മുഴുവൻ സമയവും പ്രധാന പാതകളിലേയ്ക്ക് ട്രാഫിക് ഡിമാന്റനുസരിച്ച് സർവ്വീസുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഡിപ്പോയിൽ നിലവിൽ ഉണ്ടായിരുന്ന ഏതെങ്കിലും ഹ്രസ്വദൂര ദീർഘദൂര സർവീസുകൾ റദ്ദാക്കുകയോ സമയക്രമത്തിലോ, റൂട്ടിലോ പുന:ക്രമീകരണം നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഹ്രസ്വദൂര, ദീർഘദൂര സർവീസുകൾ റദ്ദാക്കിയിട്ടില്ല. തിരുവനന്തപുരം – കോഴിക്കോട് റൂട്ടിൽ ദീർഘദൂര സർവ്വീസുകൾ കൃത്യമായ സമയക്രമം പാലിച്ച് ട്രാഫിക് ഡിമാന്റിനനുസരിച്ച് സർവ്വീസ് നടത്തുന്നതിനായി പുനഃക്രമീകരിച്ചപ്പോൾ ചില ദീർഘദൂര സർവ്വീസുകളുടെ സമയക്രമത്തിൽ മാറ്റം വരുത്തിയിട്ടുള്ളതും, അങ്കമാലിയിൽ നിന്നും പ്രധാന പാതകളിലേയ്ക്ക് കൂടുതൽ ട്രിപ്പുകൾ ലഭിക്കുന്ന വിധത്തിൽ ക്രമീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | നിലവിൽ പ്രസ്തുത ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ഹ്രസ്വദൂര, ദീർഘദൂര സർവീസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>1. 05.50 തിരുവനന്തപുരം<br><br>2. 08.45 തിരുവനന്തപുരം<br><br>3. 06.00 ആലപ്പുഴ<br><br>4. 07.00 എറണാകുളം<br><br>5. 07.30 തൃശ്ശൂർ<br><br>6. 06.30 ആലപ്പുഴ |

7. 06.30 തൃശ്ശൂർ

8. 07.50 എറണാകുളം

9. 07.20 ആലപ്പുഴ

10. 05.50 ചാലക്കുടി

11. 05.50 ആലുവ

12. 06.10 ചാലക്കുടി

13. 06.10 ആലുവ

14. 06.30 ചാലക്കുടി

15. 06.45 ചാലക്കുടി

16. 06.30 ആലുവ

17. 06.45 ആലുവ

18. 06.30 മഞ്ഞപ്ര

19. 06.45 ചേർത്തല

20. 06.20 ചേർത്തല

21. 07.20 എയിംസ്

22. 07.45 ദേവഗിരി

23. 07.30 മുന്നൂർപ്പിള്ളി

24. 05.00 കാലടി പ്ലാൻറേഷൻ

25. 07.00 ഏലൂർ

26. 07.50 തോപ്പുംപടി

27. 06.55 അയ്യംപ്പുഴ

28. 07.30 തൃപ്പൂണിത്തുറ

29. 06.50 മുളങ്കുഴി

30. 07.00 മാള

31. 07.40 വല്ലം

32. 07.30 അൻപ്ര

33. 08.45 എറണാകുളം

34. 06.40 തോപ്പുംപടി

| | | | |
|---|---|---|---|
| | | | 35. 06.35 എറണാകുളം ജെട്ടി<br>36. 07.35 എറണാകുളം ജെട്ടി<br>37. 08.10 എറണാകുളം ജെട്ടി<br>38. 08.30 എറണാകുളം ജെട്ടി |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ബസുകളാണ് പ്രസ്തുത ഡിപ്പോയ്ക്ക് നൽകിയതെന്ന് വിശദമാക്കുമോ; | (ഡി) | 13 ബസ്സുകൾ അങ്കമാലി യൂണിറ്റിന് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ഡിപ്പോയിൽ നിലവിലുള്ള സ്പെയർപാർട്ട്സുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | 09.3.2023ൽ അങ്കമാലി ഡിപ്പോയിലെ 7 ബസുകൾ ഡോക്ക് ചെയ്തിട്ടുണ്ട്. ഇതിൽ അഞ്ച് ബസുകൾ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് പുതുക്കുന്നതിന് ഡിസ്ട്രിക്ട് വർക് ഷോപ്പ് പെരുമ്പാവൂരിലാണ് ഡോക്ക് ചെയ്തിരിക്കുന്നത്. ഇതിന്റെ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് ജോലികൾ തീർന്നിട്ടുണ്ട്. കൂടാതെ രണ്ട് ബസുകളിൽ ഒരു ബസ് മൈനർ ആക്സിഡന്റ് റിപ്പയർ വർക്കിനാണ് (Rear body damage and emergency glass broken) ഡോക്ക് ചെയ്തിരിക്കുന്നത്. മറ്റൊരു ബസ് ക്രോസ് മെമ്പറിനു വേണ്ടിയാണ് ഡോക്ക് ചെയ്തിരിക്കുന്നത്. ക്രോസ് മെമ്പർ 10.3.2023ൽ റീജിയണൽ വർക് ഷോപ്പ് ആലുവയിൽ നിന്ന് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ